LIBRARY ARCHIVES Kerala Legislative Assembly

ആന വേട്ട

321 (332) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് വന പ്രദേശങ്ങളിൽ ചരിഞ്ഞ കാട്ടാനകൾ എത്രയാണ് ; ഇതിൽ കൊമ്പനാനകൾ എത്ര ; ആന വേട്ടയിൽ ചരിഞ്ഞ ആനകൾ എത്ര; സംസ്ഥാനത്ത് അവശേഷിക്കുന്ന ആനകൾ എത്രയാണെന്നതിന്റെ കണക്കുകൾ വിശദമാക്കാമോ ;

(ബി) ആനകളുടെ മരണം സംബന്ധിച്ച കേന്ദ്ര വൈൽഡ് ലൈഫ് ക്രൈം കൺട്രോൾ ബ്യൂറോയുടെ അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് വനപ്രദേശങ്ങളിൽ 386 കാട്ടാനകൾ ചരിഞ്ഞിട്ടുണ്ട്. ഇതിൽ 118 എണ്ണം കൊമ്പനാന കളാണ്. (4 കുട്ടികൊമ്പനാനകൾ ഉൾപ്പെടെ). ഇതിൽ 33 ആനകൾ ആനവേട്ടയിൽ ചരിഞ്ഞു. 2012-ൽ നടത്തിയ എലിഫന്റ് സെൻസസിലെ കണക്കനുസരിച്ച് സംസ്ഥാനത്ത് 6177 ആനകളുടെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടുണ്ട്.

(ബി) ആനകളുടെ മരണം സംബന്ധിച്ച കേന്ദ്ര വൈൽഡ് ലൈഫ് ക്രൈം കൺട്രോൾ ബ്യൂറോയുടെ അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

മാവൂരിൽ വെറ്റ് ലാന്റ് കമ്മ്യൂണിറ്റി റിസർവ്

322 (333) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ മാവൂരിൽ വെറ്റ് ലാന്റായി മാറിയ പ്രദേശം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുവരുന്ന പക്ഷികളുടെ ഒരു സങ്കേതമായി മാറുകയും ധാരാളം ടൂറിസ്റ്റുകളെ ആകർഷിക്കുകയും ചെയ്യുന്നതായ വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സ്ഥലം ഒരു കമ്മ്യൂണിറ്റി റിസർവ്വാക്കി മാറ്റുന്നത് സംബന്ധിച്ച നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ മാവൂരിൽ തെങ്ങിലക്കടവ്, പുത്തൻകളം, പൈപ്പ് ലൈൻ, കൽപ്പള്ളി പ്രദേശങ്ങൾ തണ്ണീർത്തടങ്ങളായി മാറിയശേഷം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് വരുന്ന പക്ഷികളുടെ സങ്കേതമായി മാറുന്നത് ശ്രദ്ധയിൽപ്പെടുകയും ആയത് സംരക്ഷിക്കുന്നതിനുള്ള നടപടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) മേൽ സ്ഥലം കമ്മ്യൂണിറ്റി റിസർവ് ആക്കി മാറ്റുന്നതിന് 14-11-2012 തീയതിയിൽ സ്ഥലം എം.എൽ.എ സമർപ്പിച്ച നിവേദനവും 11-6-2013 തീയതിയിൽ മാവൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതി സമർപ്പിച്ച നിവേദനവും വന്യജീവി വിഭാഗം മുഖ്യവനപാലകന് ലഭ്യമായിട്ടുണ്ട്.

(സി) മേൽ നിവേദനങ്ങളുടെ അടിസ്ഥാനത്തിലാണ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കോഴിക്കോട് അന്വേഷണം നടത്തുകയും താഴെപ്പറയുന്ന തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ സ്ഥലങ്ങൾ കമ്മ്യൂണിറ്റി റിസർവ് ആയി പ്രഖ്യാപിക്കുന്നതിന് നീർത്തടങ്ങൾ ജി.പി.എസ്. ഉപയോഗിച്ച് സർവ്വെ ചെയ്ത് തയ്യാറാക്കാൻ പ്രദേശം പരിചയമുള്ള മാവൂർ ഗ്രാമ പഞ്ചായത്തിലെയും വില്ലേജ് ഓഫീസിലെയും ഉദ്യോഗസ്ഥരുടെ സേവനവും നീർത്തടങ്ങളുടെ ഉടമസ്ഥരുടെ വിശദവിവരങ്ങളും ലഭ്യമാക്കുന്നതിന് മാവൂർ പഞ്ചായത്ത് സെക്രട്ടേറിയോട് 31-10-2014-ൽ ആവശ്യപ്പെട്ടുവെങ്കിലും സർവ്വേ ചെയ്യേണ്ട സ്ഥലം സ്വകാര്യ വ്യക്തികളുടെ സ്ഥലമായതിനാലും ഭൂവുടമകളുടെ സമ്മതപത്രം ലഭ്യമല്ലാത്തതിനാലും സർവ്വേ നടത്താൻ സാധ്യമല്ല എന്ന 1-1-2015-ലെ ഭരണസമിതി തീരുമാനം മാവൂർ പഞ്ചായത്ത് സെക്രട്ടറി അറിയിക്കുകയുണ്ടായി. മേൽ കാര്യം വിശദമായി ചർച്ച ചെയ്യുന്നതിന് കോഴിക്കോട് ഡിവിഷണൽ ഫോറസ്റ്റോഫീസറുടെ അദ്ധ്യക്ഷതയിൽ 9-7-2015-ന് മാവൂർ ഗ്രാമ പഞ്ചായത്ത് ഹാളിൽ യോഗം വിളിച്ചു. ടി യോഗത്തിൽ ടി പ്രദേശത്തിന്റെ പ്രാധാന്യത്തെയും ആയത് സംരക്ഷിക്കുന്നതിന്റെ ആവശ്യകതയെപ്പറ്റി ചർച്ച ചെയ്തു. തുടർന്ന് 5-8-2015-ന് സ്ഥല ഉടമകളുടെയും പരിസ്ഥിതി പ്രവർത്തകരുടെയും ജനപ്രതിനിധികളുടെയും പങ്കാളിത്തത്തോടെ വിപുലമായി യോഗം വിളിക്കുന്നതിന് തീരുമാനിക്കുകയും ടി യോഗത്തിൽ സ്ഥലം അക്വയർ ചെയ്ത് കമ്മ്യൂണിറ്റി റിസർവാക്കി പ്രഖ്യാപിക്കുന്നതിന് ഐകകണ്ഠ്യേന തീരുമാനിക്കുകയും സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.